# GOVT. JAWAHAR HIGH SCHOOL AYOOR

40003

# SCHOOL ACADEMIC MASTER PLAN

# ACADEMIC MASTER PLAN - HS

## ആമുഖം

കൊല്ലം ജില്ലയിൽ ചരിത്ര പ്രസിദ്ധിയാർജ്ജിച്ച പുനലൂർ തൂക്കുപാലം സ്ഥിതി ചെയ്യുന്ന പുനലൂർ താലൂക്കിലെ ചെറുപട്ടണമായ ആയൂരിന്റെ തിലകക്കുറിയാണ് ഗവൺമെന്റ് ജവഹർ ഹൈസ്കൂൾ. അഞ്ചൽ ബ്ലോക്കിൽ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ 13, 14 വാർഡുകളിലായി ഏകദേശം എട്ട് ഏക്കറോളം വിസ്തൃതയിൽ വ്യാപിച്ച് കിടക്കുകയാണ് ഈ സരസ്വതി വിദ്യാലയം.

## സ്കൂൾ ചരിത്രം

1968 മെയ് മാസം പതിനെട്ടാം തീയതി ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ള ശിലാസ്ഥാപനം നിർവ്വഹിക്കുകയും തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെയും നാട്ടുകാരുടെയും ശ്രമഫലമായി ചെറിയ രീതിയിൽ കെട്ടിടങ്ങൾ നിർമ്മിച്ച് കൊണ്ട് 1969 ഒക്ടോബർ മാസം രണ്ടാം തീയതി തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. അവുഖാദർ കുട്ടിനാഹ ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് സ്കൂൾ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കാൻ കഴിഞ്ഞത് ഈ ഗ്രാമത്തിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകമായി. സ്കൂളിന്റെ ആദ്യ പ്രഥമാദ്ധ്യാപകൻ ശ്രീ. കെ.വി. ജോൺ സാൻ ആയിരുന്നു. ഹൈസ്കൂളായി പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് അപ്പർ പ്രൈമറി ക്ലാസ്സുകളും 2006 ൽ ഹയർ സെക്കന്ററി ക്ലാസ്സുകളും ആരംഭിക്കുകയുണ്ടായി. സ്കൂൾ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നത് പഞ്ചായത്താണ്. പഞ്ചായത്ത് സ്കൂളുകൾ ഗവൺമെന്റ് ഏറ്റെടുത്തതിന്റെ ഭാഗമായി ഈ വിദ്യാലയവും സർക്കാർ വിദ്യാലയമായി മാറി.

യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് എന്നീ വിഭാഗങ്ങൾ ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നതെങ്കിലും ഈ വിഭാഗങ്ങൾക്കെല്ലാം പ്രത്യേകം പ്രഥമാധ്യാപകരും വെവ്വേറെ പി.ടി.എ. ഭരണസമിതിയുമാണ്. എന്നിരുന്നാലും സ്കൂൾ പ്രവർത്തനങ്ങളിൽ എല്ലാം തന്നെ ഒരു കൂട്ടായ്മ കൂടിയുണ്ട്.

സ്കൂൾ സ്ഥാപിതമായപ്പോൾ സമീപ പ്രദേശങ്ങളിൽ മറ്റ് സ്കൂളുകൾ ഇല്ലാതിരുന്നതും അൺ എയ്ഡഡ് സ്കൂളിന്റെ ആധിക്യം ഇല്ലാതിരുന്നതും സ്കൂളിന്റെ സുവർണ്ണ കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്നു. ഓഫീസ് റൂം ഉൾപ്പെടുന്ന മെയിൻ ബിൽഡിംഗ് മാത്രമേ എച്ച്.എസിന് ഇപ്പോൾ അവകാസപ്പെടാനുള്ളൂ. രണ്ട് ഡിവിഷനുകൾ വീതമുള്ള ഹൈസ്കൂൾ ക്ലാസ്സുകളാണ് നിലവിലുള്ളത്. പ്രഥമാധ്യാപകൻ ഉൾപ്പെടെ (1) കൗൺസിലർ, (1) സ്പെഷ്യർ ടീച്ചർ, (5) അദ്ധ്യാപകരും, (4) അനദ്ധ്യാപകരും, സേവനം അനുഷ്ഠിക്കുന്നു. മൂന്ന് ഡിവിഷനുകളിലായി 70 കുട്ടികൾ പഠിക്കുന്നു. ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ഒരു ഐ.ഇ.ടി. ടീച്ചറിന്റെ സേവനം സ്കൂൾ പ്രയോജനപ്പെടുത്തുന്നു.

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്താൻ സ്കൂളഇന് കഴിഞ്ഞിട്ടുണ്ട്. 2012 മുതൽ എസ്.എസ്.എൽ.സി. പരീക്ഷകളിൽ 100% വിജയം കൈവരിക്കാൻ കഴിഞ്ഞു.

## 2024 – 2025 അധ്യയന വർഷത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| | 8 | | 9 | | 10 | | ആകെ | |
|---|---|---|---|---|---|---|---|---|
| വിഭാഗം | B | G | B | G | B | G | B | G |
| ALL STUDENTS | 9 | 4 | 13 | 16 | 11 | 17 | 33 | 37 |
| SC | 1 | 1 | 5 | 7 | 4 | 3 | 10 | 11 |
| ST | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| OBC | 3 | 1 | 3 | 2 | 3 | 9 | 9 | 12 |
| ആകെ | | | | | | | 70 | |

## വിദ്യാലയം ഭൗതികാന്തരീക്ഷം

1. നിലവിലുള്ളത്

| | | |
|---|---|---|
| കോൺക്രീറ്റ് കെട്ടിടം | - | 1 (ഓഫീസ് റൂം) |
| ഷീറ്റ് കെട്ടിടം | - | 2 |
| ക്ലാസ് റൂമുകൾ | - | 10 എണ്ണം |
| ഫർണിച്ചറുകൾ | - | ആവശ്യത്തിനില്ല |
| വൈദ്യുതി | - | ഉണ്ട് |
| കുടിവെള്ളം | - | കിണർ, ജപ്പാൻ കുടിവെള്ളം |
| ലാപ്ടോപ്പ | - | 14 |
| റ്റാബ് | - | 4 |
| ടോയ്ലറ്റ് | - | 4 എണ്ണം |
| യൂറിനൽ | - | 1 (ആൺ കുട്ടികൾ) |
| പാചകപ്പുര | - | ഉണ്ട് |
| ഗ്യാസ് കണക്ഷൻ | - | ഉണ്ട് |
| പാത്രങ്ങൾ | - | ആവശ്യത്തിന് |

## വിദ്യാലയം ഭൗതികാന്തരീക്ഷം

1. നിലവിലുള്ളത്

| | | |
|---|---|---|
| കോൺക്രീറ്റ് കെട്ടിടം | - | 1 (ഓഫീസ് റൂം) |
| ഷീറ്റ് കെട്ടിടം | - | 2 |
| ക്ലാസ് റൂമുകൾ | - | 10 എണ്ണം |
| ഫർണിച്ചറുകൾ | - | ആവശ്യത്തിനില്ല |
| വൈദ്യുതി | - | ഉണ്ട് |
| കുടിവെള്ളം | - | വേനൽകാലത്ത് ഇല്ല (ജപ്പാൻ കുടിവെള്ളം) |
| ലാപ്ടോപ്പ | - | 7 |
| ഡെസ്ക്ടോപ്പ് | - | 5 |
| ടാബ് | - | 6 |
| ടോയ്ലറ്റ് | - | 4 എണ്ണം |
| യൂറിനൽ | - | ഇല്ല |
| പാചകപ്പുര | - | ഉണ്ട് |
| ഗ്യാസ് കണക്ഷൻ | - | ഉണ്ട് |
| പാത്രങ്ങൾ | - | ആവശ്യത്തിന് |

## 2. അദ്ധ്യാപകരുടെ പ്രത്യേക കഴിവുകൾ

- നേതൃപാടവം
- ഓരോ കുട്ടിയുടെയും സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.
- കുട്ടികളുടെ കുടുംബ-സാമൂഹിക പരിസ്ഥിതി മനസിലാക്കി പ്രവർത്തിക്കുന്നു.
- പാഠ്യ-പഠ്യേതര വിഷയങ്ങൾ പകർന്ന് കൊടുക്കാനുള്ള കഴിവ്
- സഹകരണ മനോഭാവം
- ഭാഷാധ്യാപകൻ ഭാഷ പരിപോഷിപ്പിക്കുന്നതിലേക്ക് അധികസമയം കണ്ടെത്തി പരിശീലിപ്പിക്കുന്നു.
- ഗണിതാധ്യാപകർ കൂടുതൽ പ്രവർത്തനങ്ങൾ നൽകി പരിശീലിപ്പിക്കുന്നു
- സയൻസ് അധ്യാപകർ പരിസ്ഥിതിയുമായി ഇഴുകി ചേർന്നുള്ള പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുന്നു.

## 3. വിദ്യാലയത്തിന്റെ ശക്തി

- കാര്യക്ഷമമായി പ്രവർത്തിക്കുന്ന അധ്യാപകർ, പി.ടി.എ. അംഗങ്ങൾ, ജനപ്രതിനിധികൾ, സംഘടനകൾ, അഭ്യുദയകാംക്ഷികൾ, പൊതുജനങ്ങൾ, പൂർവ്വവിദ്യാർത്ഥികൾ തുടങ്ങിയവ.
- പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളിൽ താല്പര്യമുള്ള കുട്ടികൾ

## 4. വിദ്യാലയം നേരിടുന്ന പരിമിതികളും ഭീഷണികളും

- ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
- വിവിധ കാരണങ്ങളാൽ നഷ്ടമാകുന്ന പഠനസമയം
- കുട്ടികളുടെ കുടുംബാന്തരീക്ഷം
- സ്കൂൾ ബസിന്റെ അഭാവം
- സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ അഭാവം

## 5. പഠനനിലവാരം

- കഴിഞ്ഞ 13 വർഷമായി 100% വിജയവും നിരവധി ഫുൾ A+ നേടുവാൻ കഴിഞ്ഞു.
- കലാകായിക പ്രവർത്തനങ്ങളിൽ മുന്നിൽ

- ക്ലബ് പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം
- അസംബ്ലിയിൽ പത്രവായന, സാഹിത്യകാരന്മാരുടെ ചരിത്രം, ദിനാചരണം, പൊതു വിജ്ഞാന ക്വിസ് തുടങ്ങിയവ

**<u>വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള സംവിധാനങ്ങൾ</u>**

- പി.ടി.എ.
- എം.പി.ടി.എ
- സ്കൂൾ വികസന സമിതി
- എസ്.ആർ.ജി
- ക്ലബ് പ്രവർത്തനങ്ങൾ
- സന്നദ്ധ സംഘടനകൾ
- പൊതുവിദ്യാഭ്യാസ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനകൾ

## ❖ പൊതു ലക്ഷ്യങ്ങൾ

- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യമെന്നത് ഗുണമേന്മ ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന താണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയേയും വിശ്വമാനവനാക്കി മാറ്റുന്നതിനാ വശ്യമായ പഠന, പഠനാനുബന്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതു ണ്ട്. ഇങ്ങനെ ഓരോ വിദ്യാലയത്തിലെയും മുഴുവൻ വിദ്യാർത്ഥികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്ര ധാന രേഖയാണ്.
- സ്കൂളിലെത്തിച്ചേരുന്ന ഓരോ ക്ലാസിലെയും കുട്ടികൾ അവരവരുടെ നിലവാര ത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.
- എല്ലാ കുട്ടികൾക്കും സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തി ലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടി ക്കുക.
- മികച്ച ശാരീരിക, മാനസിക, വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- കൗമാരകാലഘട്ടത്തിലെ കുട്ടികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമായി ബോധവ ത്കരണ ക്ലാസ് സംഘടിപ്പിക്കുകയും അതിനോടൊപ്പം ഈ കാലഘട്ടത്തിലു ണ്ടാകുന്ന സ്വഭാവ, പഠനമാറ്റങ്ങൾ ഉണ്ടെങ്കിൽ രക്ഷിതാക്കളെ യഥാസമയം അറി യുക.
- കുട്ടികളുടെ കലാകായികാഭിരുചി തിരിച്ചറിഞ്ഞ് അവരെ പരമാവധി പ്രോത്സാ ഹിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിൽ എല്ലാ കുട്ടികൾക്കും വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.
- പാരിസ്ഥിതിക-സാമൂഹിക അവബോധം ഉളവാക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- കുട്ടികളുടെ പൊതുവിജ്ഞാനസമ്പത്ത് വർദ്ധിപ്പിക്കാനാവശ്യമായ പ്രവർത്തന ങ്ങൾ നടപ്പിലാക്കുക.
- കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിന് വേണ്ട പഠനാന്തരീക്ഷം സൃഷ്ടി ക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാർത്ഥികൾ പരമാവധി പ്രയോജന പ്പെടുത്തുക.

- പി.ടി.എ., വെൽഫയർ കമ്മിറ്റി, മറ്റ് കമ്മിറ്റികൾ എന്നിവയുടെ സംയുക്തയോഗത്തിൽ ഓരോ ഘട്ടത്തിലും കുട്ടികൾ നേടുന്ന അറിവ്, കഴിവ് എന്നിവയെകുറിച്ച് വിശദീകരണം നൽകും.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ കഴിവ് പരിപോഷിപ്പിക്കപ്പെടുന്നു.
- സമയബന്ധിതമായി ഉദ്യോഗതല മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കും.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രീയ വിലയിരുത്തലിന്റെ അവിഭാജ്യഘടകമാക്കി മാറ്റുക.

## വിദ്യാലയ വികസന പ്രവർത്തനങ്ങൾ

വർത്തമാന കേരളത്തിൽ ഓരോ വിദ്യാലയത്തിൻരെ വിജയം എന്നത് ആ സ്കൂൾ എത്ര ശതമാനം കുട്ടികളെ പൊതുപരീക്ഷയിൽ വിജയിപ്പിച്ചു എന്നതാണ്. സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ കീഴിൽ നൂറുശതമാനം വിജയം കൊയ്യുന്നതിനോടൊപ്പം സ്കൂളിന്റെ ഭൗതിക-സാമൂഹിക-അക്കാദമിക നിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് വിഷന്റെ 2018ലൂടെ ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നത്.

### 1. അക്കാദമിക് പ്രവർത്തനം

- ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഐ.സി.റ്റി.യുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഭാഷാ നൈപുണ്യം നേടിയെടുക്കുക.
- Language Lab രൂപീകരിക്കുക
- ഗണിതശാസ്ത്രം, ശാസ്ത്രം, ചരിത്രം തുടങ്ങി വിഷയങ്ങളുടെ ഗ്രന്ഥശേഖരം നടപ്പാക്കുക.
- പരീക്ഷണങ്ങൾ ചെയ്യുന്നതിനും മനസിലാക്കുന്നതിനുമായി സയൻസ് ലാബ് ആധുനീവൽക്കരിക്കുക.
- വായനാശീലം ഉയർത്തുവാൻ കൂടുതൽ ഗ്രന്ഥശേഖരങ്ങൾ
- ലൈബ്രറി പുസ്തക വിതരണത്തിന് കുട്ടികൾക്കായി കാർഡ് സിസ്റ്റം ഏർപ്പെടുത്തുക.
- പുസ്തക വായനയുടെ അടിസ്ഥാനത്തിൽ വായനകുറിപ്പ്, പുസ്തകാനുഭവങ്ങൾ പങ്കുവയ്ക്കാൻ പ്രശ്നോത്തരി എന്നിവ സംഘടിപ്പിച്ച് കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുക.
- പ്രാദേശിക ചരിത്രരചനയ്ക്കാവശ്യമായ ചരിത്രപുസ്തക ശേഖരണം
- കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തികൊണ്ട് മാഗസിൻ നിർമ്മാണം.
- കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് ക്ലബ് പ്രവർത്തനങ്ങളിലൂടെ പച്ചക്കറിത്തോട്ട നിർമ്മാണം.
- കാർഷിക വിളകൾ, കാർഷികോപകരണങ്ങൾ, ഉപയോഗങ്ങൾ എന്നിവ കൃഷിബവനുമായി കോർത്തിണക്കിക്കൊണ്ട് എക്സിബിഷനുകൾ സംഘടിപ്പിക്കുക.
- പരിസരമലിനീകരണം, കാരണങ്ങൾ, ദൂഷ്യഫലങ്ങൾ എന്നിവ മനസിലാക്കിക്കൊണ്ട് പരിസരസംരക്ഷണ അവബോധന ക്ലാസ്സ് സംഘടിപ്പിക്കുക.
- ആരോഗ്യ സംരക്ഷണം, വ്യക്തിശുചിത്വം എന്നിവയെ കുറിച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുക.

- വിവിധയിനം സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുക.
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ, ഗ്രാമർ പരിശീലനം നടപ്പിലാക്കുക.
- സ്കൂൾ സ്റ്റേഡിയത്തിന്റെ പുനരുദ്ധാണത്തിലൂടെ കായികശേഷികൾ പരിപോഷിപ്പെടുത്താം.
- ഭിന്നശേഷി കുട്ടികൾക്കായി പ്രത്യേക ക്ലാസ് മുറി  നിർമ്മിക്കുക
- പരിശീനം നേടിയ കൗൺസിലർമാരെ നിയമിച്ച് അവരുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക.
- ഭിന്നശേഷി കുട്ടികളുടെ കഴിവ് പ്രകടമാക്കുന്നതിനുള്ള  സാഹചര്യങ്ങൾ സൃഷ്ടിക്കുക.

**ദിനാചരണങ്ങൾ**

അതാത് ക്ലബ്ബുകളുടെ നേതൃത്വത്തിൽ അതാത് ദിനാചരണങ്ങൾ ഏറ്റവും ഭംഗി യായി നടത്തണമെന്ന് തീരുമാനിച്ചു.

**ലൈബ്രറികൾ**

സ്കൂൾ തുറക്കുമ്പോൾ തന്നെ എല്ലാ കുട്ടികൾക്കും ലൈബ്രറി പുസ്തകങ്ങൾ നൽകി അവ വായിച്ച് ആസ്വാദന കുറിപ്പുകൾ തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ നൽകണമെന്നും തീരുമാനിച്ചു.

**ലാബ്**

സയൻസ് വിഷയങ്ങളുമായി ബന്ധപ്പെട്ട വിവിധ പരീക്ഷണ നിരീക്ഷണങ്ങൾ ലാബ് കേന്ദ്രീകരിച്ച് ചെയ്യിക്കണമെന്നും അതിനായി ലാബ് പ്രയോജനപ്പെടു ത്താമെന്നും തീരുമാനിച്ചു. എല്ലാ വിഷയങ്ങൾക്കും ഐ.സി.റ്റി. പരമാവധി പ്രയോ ജനപ്പെടുത്തുവാൻ തീരുമാനിച്ചു.

**യൂണിടെസ്റ്റുകൾ**

എല്ലാ ക്ലാസുകളിലും മാസാന്ത്യം യൂണിടെസ്റ്റുകൾ നടത്തി കുട്ടികളുടെ പഠന നിലവാരം വിലയിരുത്തി പിൻതുണാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തീരു മാനിച്ചു.

**വിവിധ കമ്മിറ്റികൾ**

**A സ്കൂൾ സുരക്ഷാ സമിതി (SPG)**

സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട് സ്കൂൾതല സുരക്ഷാ സമിതി കൂടി. അംഗ ങ്ങളെ ഉൾപ്പെടുത്തി സ്കൂൾ സുരക്ഷ ഉറപ്പാക്കി. സ്കൂളിൽ ദുരന്തമുണ്ടായാൽ സ്വീകരിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളെ കുറിച്ച് ബോധവൽക്കരണം നട ത്തുകയും ആസൂത്രണ രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ സ്ഥിതി ചെയ്യുന്നത് ദുരന്ത മേഖലയിൽ അല്ല എന്നിരുന്നാലും സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സ്കൂൾ പി.റ്റി.എ.**

സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും പങ്ക് ചേർന്ന് സ്കൂൾ പി.റ്റി.എ. സജീവ മായി പ്രവർത്തിക്കുന്നു.

## അക്കാദമിക് മാസ്റ്റർ പ്ലാൻ : മലയാളം

## ഗവ.ജവഹർ ഹൈസ്കൂൾ ആയൂർ

### ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തിവികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ സുപ്രധാന പങ്കാണ് വായനയ്ക്ക് ഉള്ളത്. പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ സർഗാത്മക ശേഷിയാണ് വികസിതമാക്കുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർത്ഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആന്ദകരമായ അനുഭവമായി പുസ്തക വായനയെ കുട്ടികൾ തിരിച്ചറിയും വിധമുള്ള നിരന്തര പ്രവർത്തനങ്ങളാണ് 2025 – 26 അധ്യയന കാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായന സംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

### ലക്ഷ്യം

- 8 മുതൽ 10 വരെ ക്ലാസുകളിലെ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.
- കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.
- കുട്ടികളിൽ വായനാ സംസ്കാരം വളർത്തുക

### മാതൃഭാഷാ പഠനം = പ്രശ്നം

- എട്ടു മുതൽ പത്തുവരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ഒരുപോലെ പാഠ്യ പദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.
- സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.
- വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കുവാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

**കാരണങ്ങൾ**

- വായനയോടുള്ള താൽപര്യക്കുറവ്
- ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല
- വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്
- സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.
- ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല

**പരിഹാര നിർദ്ദേശം**

- പിറന്നാളിനൊരു പുസ്തകം
- വായനക്കുറിപ്പ്
- കഥ, കവിത, ശില്പശാല
- സെമിനാർ
- ചുവർ മാഗസിൻ
- കൈയെഴുത്ത്/ഡിജിറ്റൽ മാഗസിൻ
- സാഹിത്യം, പഠനയാത്ര
- വായനക്കൂട്ടം - പുസ്തക ചർച്ച
- അഭിമുഖം

## പ്രവർത്തന പദ്ധതി വിശദീകരണം

### പ്രവർത്തനം - 1

### പിറന്നാളിനൊരു പുസ്തകം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ - മെയ് | | |
| SRG ആംഗീകാരം | വിഷയസമിതി | മെയ് | | |
| പദ്ധതി നടത്തിപ്പ് | വിഷയ സമിതി | ജൂൺ - ഫെബ്രുവരി | 200 | രക്ഷിതാവ് |
| പുസ്തക സമാഹരണം | ലൈബ്രേറിയൻ | ജൂൺ - ഫെബ്രുവരി | | |

### 2. വായനക്കുറിപ്പ്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ - മെയ് | | |
| SRG ആംഗീകാരം<br>നടത്തിപ്പ് | വിഷയസമിതി<br>ക്ലാസ് ടീച്ചർ | മെയ്<br>ജൂൺ - ഫെബ്രുവരി | 200 | രക്ഷിതാവ് |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ് ലീഡർ | ജൂൺ - ഫെബ്രുവരി | | |
| പതിപ്പ് തയ്യാറാക്കൽ | കൺവീനർ വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 500 | പി.റ്റി.എ |

## 3. ശില്പശാലകൾ - കഥ, കവിത, ആസ്വാദനം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂൺ | | |
| ശില്പശാല - കഥ | വിഷയസമിതി | ജൂൺ | | പി.റ്റി.എ |
| ശില്പശാല - കവിത | വിഷയസമിതി | ജൂലൈ | 2000 | പി.റ്റി.എ |
| ശില്പശാല ആസ്വാദനം | വിഷയസമിതി | ആഗസ്റ്റ് | 2000 | പി.റ്റി.എ |
| ഡോക്യുമെന്റേഷൻ | വിദ്യാരംഗം | ആഗസ്റ്റ് | 2000 | |

## 4. ശില്പശാലകൾ - സെമിനാർ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ആഗസ്റ്റ് | | |
| കേരളപാഠാവലി | | | | |
| അടിസ്ഥാന പാഠാവലി യൂണിറ്റിനെ ആടിസ്ഥാനമാക്കി സെമിനാർ | വിഷയസമിതി | ആഗസ്റ്റ് | | |
| ഡോക്യുമെന്റേഷൻ | വിദ്യാരംഗം | ആഗസ്റ്റ് | | |

## 5. ചുവർ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ/ എഡിറ്റർ | ജൂൺ ഫെബ്രുവരി | | |

## 6. കൈയെഴുത്ത് / ഡിജിറ്റൽ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

## 7. സാഹിത്യം - പഠനയാത്ര

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂലൈ | | |
| പഠനയാത്ര | ടൂർ കൺവീനർ | ജൂലൈ | | |
| യാത്രാനുഭവക്കുറിപ്പ് | ക്ലാസ് ടീച്ചർ | ജൂലൈ | | |
| പതിപ്പ് നിർമ്മാണം | കൺവീനർ വായനക്കൂട്ടം | ജൂലൈ | | |

## പരിഹാര പ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

### 1. പിറന്നാളിനൊരു പുസ്തകം

കുട്ടികളുടേയും അധ്യാപകരുടെയും പിറന്നാൾ ദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി. പിറന്നാൾ ദിനം അർത്ഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും. വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും, ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായകമാകും. ക്ലാസ് മുറിയിൽ വച്ചോ അസംബ്ലിയിൽ വച്ചോ പുസ്തകം സ്വീകരിക്കാവുന്നതാണ്.

### 2. വാനയക്കുറിപ്പ്

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും, ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയം പഠനത്തിലേക്ക് നയിക്കും. ഇതിന് വായനയും റഫറൻസും പഠനപ്രക്രീയയുടെ ഭാഗമായി നടക്കണം. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പുസ്തകങ്ങൾ പരിയപ്പെടുന്നതിനുമുള്ള പദ്ധതിയാണ് വായനക്കുറിപ്പ്. എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ വായനക്കുറിപ്പ് അവതരണം നടത്തണം. ഓരോ ആഴ്ചയിലും മികച്ച കുറിപ്പുകൾ വായനക്കൂട്ടം കൺവീനർ സമാഹരിച്ച് ഏറ്റവും മികച്ചത് തിരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിൽ വച്ച് അത് വായിക്കണം. അവതരിപ്പിക്കുന്ന കുട്ടിക്ക് അസംബ്ലിയിൽ വച്ച് സമ്മാനവും നൽകണം. മികച്ച വായനക്കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കി പ്രകാശനം നടത്താം.

### 3. കഥ, കവിത, ആസ്വാദനം - ശില്പശാല

കുട്ടികളുടെ സർഗ്ഗശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക് കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച് -

കൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷാ അധ്യാപികയ്ക്ക് പുറമെ സാഹിത്യ ആസ്വാദകരായ മറ്റ് അധ്യാപകർ പ്രാദേശിക എഴുത്തുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്. ഓരോ ശില്പശാലയും ഡോക്യുമെന്റ് ചെയ്യണം. കുട്ടികളിൽ ഉണ്ടായ മാറ്റം അടയാളപ്പെടുത്തണം.

4. **സെമിനാർ**

അന്വേഷണാത്മക പഠനത്തിന്റേയും വിമർശനാത്മക പഠനത്തിന്റേയും അനന്ത സാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. പാഠപുസ്തകങ്ങളിലെ വിഷയത്തെ അടിസ്ഥാനമാക്കിയാവണം സെമിനാർ നടത്തേണ്ടത്. ക്ലാസ്, സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കണം. ഓരോ ക്ലാസിലേയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും. സ്കൂൾ തലത്തിൽ നടത്തുന്ന സെമിനാർ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

5. **ചുവർ മാഗസിൻ**

ഓരോ ക്ലാസിനും ചുവർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽ തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങി വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപസമിതി തിരഞ്ഞെടുക്കണം.

6. **കൈയ്യെഴുത്ത് / ഡിജിറ്റർ മാഗസിൻ**

പഠന പ്രവർത്തനത്തിന്റേയും ദിനാചരണങ്ങളുടേയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ മേന്മ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം. ക്ലാസുകൾ തമ്മിൽ മത്സരവും കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ്തല പത്രാധിപ സമിതി രൂപീകരിക്കണം.

7. **സാഹിത്യ പഠനയാത്ര**

മാതൃഭാഷയും സംസ്കാരവുമായി ബെന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയുന്നതിനുള്ള പദ്ധതി. ഇതിന്റെ പ്രാധാന്യം ക്ലാസ് പി.റ്റി.എ. യിൽ അവതരിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ അധ്യാപകരും കുട്ടികളും പഠനയാത്ര നടത്തണം. ഇതിന്റെ ഡോക്യമെന്റേഷൻ തയ്യാറാക്കണം. ഭാഷയോടും കേരള സംസ്കാരത്തോടും ആദരവും സ്നേഹവും വളർത്താൻ ഇത് സഹായിക്കും.

**ENGLISH**
**Academic Master Plan**
**Govt. Jawahar H.S. Ayoor**
**2025 – 26**

## Introduction

The ideal of English language learning is to develop all the major skills and the supplementary skills in the most balanced manner so that linguistic and communicative competencies are nurtured to the maximum level.

In other words, it is termed as integrating the skills. Integrating skills does not mean that all the skills are meaned to be attained at once in a class or in a year.

I n developing skills, there must be recycling and revision of the language already developed in t he class, followed by remediation and evaluation. The most important factor for developing study skills is to create a humanistic environment for study and motivate the students in language learning.

## Aim

I. Reading skills; Intensive Reading

1. To enable them to enrich their vocabulary
2. To enable them to read with comprehension
3. To enable students to understand, Speak and write correctly
4. To enable students to develop interest in English
5. To enable students to think in English.

## Reading Activity

| Sl. No. | SKILL | ACTIVITIES |
|---|---|---|
| 1. | Understanding sound system | The teacher writes two words which are minimal pairs and reads. Eg. Cat – rat<br>Sea – See<br>Homonymous and homographic words are also introduced in higher classes (IX,X) |
| 2. | Understanding the relationship between sentence and classes | i. Jumbled sentences or paragraphs are given, students are to arrange them sequentially.<br>ii. Teacher gives a passage, in which connectors are blanked out. Students find out the proper connectors and fill up the blanks. |

| Sl. No. | SKILL | ACTIVITIES |
|---|---|---|
| 3. | Recognizing the effects of style | i Give multiple choice / True or false questions.<br>ii Conduct a discession on style<br>iii Read parallel passages in different styles. |
| 4. | Recognizing organization of a text | i Give words in jumbled way to rearrange into the sentence and jumbled sentences to form a meaningful paragraph |
| 5. | Executive Reading | i Students read during their free time on a self access basis from the class library |
| 6. | Scanning for specific information | i Underline or cicle a specific information in the text<br>ii Group Games<br>The teacher asks questions, the students giving the right anwers gets a mark. |
| 7 | Reading for details | i Give note - taking exercises<br>ii Give summarising exercises<br>iii Give true / false type exercises |

**Substitution Table (Class IX)**

The student may be asked to write a certain no of possible meaningful sentences from te table

| | | |
|---|---|---|
| I | Are | Walking in her kitchen |
| He | am | doing home work |
| She | is | eating a banana |
| They | | Playing football |
| You | | |

**Making a story (Class VIII)**

From the points as given below

Example : A Crocodie - Carrying a monkey on its back - crossing a river - asks for the monkeys heart - hanging on a branch of a tree on the bank - reachig the bank - leaps to the tree - escape

(A suitable title should be given to the story)

**Frame meaningful sentences from the table (Class X)**

| | | | |
|---|---|---|---|
| She<br>The Children<br>My English teacher<br>The stadium<br>Are Bob and Rani<br>I | am<br>is<br>are | Going to | Write a letter to her husband take M.Phil Examination next month be full next hour get married in Chennai ? Play football in the evening |

**<u>GRAMMAR</u>**

**A.** Find out the sentences in which the verb is in the simple present tense

a. She played tennis

b. She plays tennis

c. She is playing tennis

d. She had payed tennis

**B**. Find out the sentenses in which the verb belongs to the declarative sentence from the folowing sentences

a. Close the door

b. May i come in

c. Am I ?

d. They are not making cakes.

# ACADEMIC MASTER PLAN OF SOCIAL SCIENCE

Rekha. S

## Social Science

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | പഠിതാക്കളിൽ ചരിത്ര അവബോധം വളർത്തകക. ചരിത്ര അവബോധത്തിൽ നിന്ന് ഭാവി രൂപപ്പെടുത്തുക | **1. പിന്നിട്ട വഴികൾ**<br>എന്താണ് ചരിത്രം ? പുതിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി ചരിത്രത്തിന്റെ കാലഗണനാ വിഭജനം ചരിത്രത്തിന് സംഭാവന നൽകിയ വ്യക്തികൾ, സ്ഥലങ്ങൾ, സന്ദർഭങ്ങൾ എന്നിവയുടെ വിവരണം, വർക് ഷീറ്റ് ഉപയോഗിച്ച് കൊണ്ടുള്ള അടിസ്ഥാന ആശയങ്ങളുടെ ഉറപ്പിക്കലുകൾ.<br><br>**2. ചരിത്രത്തിന്റെ ചിറകിൽ**<br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാന പരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മെഡലുകൾ തയ്യാറാക്കി പ്രത്യേക പഠനസാഹചര്യം ഒരുക്കുന്നു. | അക്കാദമിക വർഷം നിശ്ചയിച്ച തീയതികളിൽ<br><br>ആഴ്ചയിൽ ഒരു ദിവസം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2. | സ്വാതന്ത്ര്യം,സമത്വം, സാഹോദര്യം, ജനാധിപത്യം, പൗരബോധം, മൂല്യബോധം, അവകാശങ്ങൾ, കടമകൾ, ദേശസ്നേഹം എന്നിവയെപ്പറ്റി കുട്ടികളിൽ അവബോധം വളർത്തുക. | **ഒരുമയുടെ പ്രവർത്തനങ്ങൾ**<br>സാമൂഹ്യശാസ്ത്ര ക്ലാസ് രൂപീകരണം, ഭരണഘടനാ ആമുഖം കയ്യെഴുത്ത് പ്രതി നിർമ്മിക്കൽ, സ്കൂൾ പാർലമെന്റ് രൂപീകരണം, പൗരബോധം വളർത്തുന്ന തരത്തിലുള്ള പാനൽ ചർച്ചകൾ, സംവാദം തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ, സന്നദ്ധസംഘടനകൾ, സാമൂഹ്യ പ്രവർത്തകർ |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 3 | പരീക്ഷണ നിരീക്ഷണങ്ങളി ലൂടെ സാമൂഹ്. ശാസ്ത്ര ത്തിൽ ശാസ്ത്ര അവബോധം വളർത്തുക. | **ആകാശ കണ്ണുകൾ അറിവിന്റെ ലോകം** സാമൂഹ്യശാസ്ത്ര ലാബുകൾ ഐ.സി.റ്റി. സഹായ്തോടെ, സ്റ്റെല്ലേറിയം, മാർബിൾ തുടങ്ങി സോഫ്റ്റ് വെയറുകൾ ഉപഗ്രഹങ്ങൾ,സൗരയൂഥം, ശൂന്യാകാശം, മുതലായവ പരിചയപ്പെടൽ ഐ.എസ്. ആർ.ഒ., നാസ റോക്കറ്റ് വിക്ഷേപണ കേന്ദ്രങ്ങൾ സന്ദർശനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ SMC, PTA |
| 4. | മതേതരത്വം, സഹിഷ്ണത എന്നിവ ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ പഠിതാക്കളിൽ വളർത്തുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുന്നു. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ** സാമൂഹിക പരിഷ്കർത്താക്കളുടെ ചിത്രങ്ങൾ ശേഖരിച്ചു കൊണ്ടുള്ള ആൽബം തയ്യാറാക്കൽ, പ്രോജക്ട്, ചർച്ചകൾ, സംവാദം, സർവ്വേ, അഭിമുഖം, ക്വിസ് മത്സരങ്ങൾ എന്നിവയിലൂടെ കുട്ടികളെ ഉണർത്തുക. | അക്കാദമിക വർഷത്തിന്റെ മധ്യത്തിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 5. | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം, ഭൂപ്രകൃതി സവിശേഷതകൾ. | **പ്രകൃതിയുടെ കൈകളാൽ** ഭൂപടവായന പ്രോത്സാഹിപ്പിക്കുക, അറ്റ്ലസ്, മാപ്പ്, ഗ്ലോബ് എന്നിവ പരിമിതമാക്കുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6. | കുട്ടികളിൽ സാമ്പത്തിക സ്വാശ്രത്വബോധം വളർത്തുക. | **സന്നദ്ധ ശാസ്ത്ര ചിന്തകൾ** സാമ്പത്തിക ശാസ്ത്ര ആശയങ്ങൾ, സംഭാവനകൾ നൽകിയ ചിന്തകന്മാർ, നിത്യജീവിതത്തിൽ സാമ്പത്തിക ശാസ്ത്രത്തിനുള്ള പങ്ക് വിശദമാക്കുന്ന പ്രവർത്തനങ്ങൾ ബാങ്ക്, വിപണികൾ സന്ദർശനം, സാമ്പത്തിക സ്വാശ്രയത്തിന് ഉതകുന്ന തരത്തിലുള്ള ചെറു സംരംഭങ്ങളുടെ പ്രോത്സാഹനം | അക്കാദമിക വർഷത്തിലെ പ്രവർത്തി ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 7. | സാമൂഹിക ജീവിതി എന്ന നിലയിൽ സാമൂഹ്യശാസ്ത്ര ത്തിന്റെ പ്രാധാന്യം മനസിലാക്കുക. | <u>**സമൂഹശാസ്ത്ര സങ്കല്പം**</u><br>സമൂഹത്തെ കൂടുതൽ അറിയിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ മനസിലാക്കി നിർദ്ധാരണം ചെയ്യുന്ന പ്രവർത്തനങ്ങൾ, കൗമാരക്കാർക്ക് കൗൺസലിംഗ്, വൃദ്ധ സദനങ്ങൾ സന്ദർശനം. | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുപ്പെട്ട ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 8. | വ്യത്യസ്ത മണ്ണിനങ്ങൾ, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ എന്നിവയെ കുറിച്ച് ധാരണ വളർത്തുക. | <u>**പ്രകൃതിയിലൂടെ**</u><br>പഠനയാത്രകളിലൂടെ കണ്ടും കേട്ടും തൊട്ടറിഞ്ഞും ആശയങ്ങൾ സ്വാംശീകരിക്കുന്നു. | തെരഞ്ഞെടുത്ത പ്രത്യേക ദിനങ്ങൾ | ചരിത്രാധ്യാപകർ, പി.റ്റി.എ |
| 9. | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കുന്നതിനാവശ്യമായ പൊതുവിജ്ഞാനം വളർത്തുക. | <u>**എന്റെ പഠിപ്പുര**</u><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ സംവാദം എന്നിവയിലൂടെ ജ്ഞാന നിർമ്മിതി, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം തുടങ്ങിയവയും | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |

# അക്കാദമിക് ആക്ഷൻ പ്ലാൻ

## ശാസ്ത്രം

### പ്രവർത്തനം – 1 ശാസ്ത്ര പഠനത്തോടുള്ള ആഭിമുഖ്യം വളർത്തുക

| പ്രശ്നങ്ങൾ | പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര വിഷയത്തോടുളള താത്പര്യക്കുറവ് | പരിസര നിരീക്ഷണം ഫീൽഡ് ട്രിപ്പുകൾ, ശാസ്ത്ര ദിനങ്ങൾ, വീഡിയോ പ്രദർശനം ഇവ സംഘടിപ്പിക്കൽ | സയൻസ് ടീച്ചേഴ്സ് | 6 മാസം | 5000 |
| **പ്രവർത്തനം – 2 പഠനം രസകരമാക്കൽ** | | | | |
| ശാസ്ത്രവിഷയത്തിലെ കാഠിന്യമേറിയ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്താനുള്ള പ്രാപ്തിയില്ലായ്മ. | ICT ഉപയോഗം, വീഡിയോ പ്രദർശനം, ഗ്രൂപ്പ് ചർച്ച, ഫീൽഡ് ട്രിപ്പുകൾ ഇവ സംഘടിപ്പിക്കാം | സയൻസ് ടീച്ചേഴ്സ് | 3 മാസം | 2000 |
| **പ്രവർത്തനം – 3 ശാസ്ത്രപോഷണ പരിപാടി** | | | | |
| ശാസ്ത്രജ്ഞന്മാരെ കുറിച്ചുള്ള അവബോധം ഇല്ലായ്മ | ചിത്രപ്രദർശനം, ശാസ്ത്രജ്ഞന്മാരെ ആദരിക്കൽ, അവരുടെ ചരിത്രവും കണ്ടുപിടിത്തങ്ങളും അടങ്ങിയ വീഡിയോ പ്രദർശനം, ക്വിസ്സ് പ്രോഗ്രാം, ശാസ്ത്രജ്ഞന്മാരുടെ പുസ്തകം സമാഹരിക്കൽ. | സയൻസ് ടീച്ചേഴ്സ് | 2 മാസം | PTA 2000 |
| **പ്രവർത്തനം – 4 ശാസ്ത്ര ലാബ് നവീകരിക്കൽ** | | | | |
| ശസ്ത്രവിഷയത്തിൽ പരീക്ഷണങ്ങളോടുള്ള ഭയം | ലാബ് സജ്ജീകരണം സാമഗ്രികളുടെ അപര്യാപ്തത പരിഹരിക്കൽ ക്ലാസ്സ് ലാബ് സജ്ജീകരിക്കൽ | സയൻസ് ടീച്ചേഴ്സ് ക്ലബ് കൗൺസിൽ ലാബ് മേധാവി | 1 മാസം | പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം SSA 2000 |

**പ്രവർത്തനം – 5 നിത്യജീവിതത്തിലെ ശാസ്ത്രതത്വങ്ങളെ കണ്ടെത്തൽ**

| പ്രശ്നങ്ങൾ | പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| നിത്യജീവിതത്തിൽ ശാസ്ത്രത്തോടുള്ള ആഭിമുഖ്യക്കുറവ് | ശാസ്ത്രവിഷയത്തിൽ കഴിവുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ സ്കൂൾതല മേളകൾ സംഘടിപ്പിക്കാം. ശാസ്ത്രരംഗത്തെ പ്രഗത്ഭരെ കണ്ടെത്തി സെമിനാർ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാൻ സ്കൂളിൽ പച്ചക്കറിത്തോട്ടം മാലിന്യ സംസ്കരണം (ബയോ ഗ്യാസ് പ്ലാന്റ്) | ക്ലബ് കൺവീനർ | 6 മാസം | PTA 5000 |

**പ്രവർത്തനം – 6 ജൈവവൈവിധ്യ പാർക്കുകൾ**

| | | | | |
|---|---|---|---|---|
| ജൈവ വൈവിധ്യ ശോഷണം | ജൈവ വൈവിധ്യ പാർക്കിന്റെ നിർമ്മാണം. സ്കൂളിൽ പൂന്തോട്ട നിർമ്മാണം. ബട്ടർഫ്ളൈ പാർക്ക് അലങ്കാര മത്സ്യ ടാങ്ക് നിർമ്മാണം അലങ്കാര മത്സകുഞ്ഞുങ്ങളുടെ വിപണനം. | സയൻസ് ടീച്ചേഴ്സ് | 6 മാസം | 3000<br>10000 |

# ശാസ്ത്രം

കുട്ടികളിൽ ശാസ്ത്രാവബോധം, നിരീക്ഷണ പാടവം വികസിപ്പിക്കുക, ശാസ്ത്രീയ ചിന്ത രൂപപ്പെടുത്തുക എന്ന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- ശാസ്ത്ര മേളകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.
- സയൻസ് നാടകങ്ങൾ സംഘടിപ്പിക്കുക
- ലൈബ്രറികളിൽ കൂടുതൽ ശാസ്ത്ര പുസ്തകങ്ങൾ ഉൾപ്പെടുത്തി ശാസ്ത്ര വായന പ്രോത്സാഹിപ്പിക്കുക.
- ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം, ശാസ്ത്ര ദിനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി പോസ്റ്ററുകൾ, പതിപ്പ് നിർമ്മാണം
- പരിസരശുചിത്വം, ആരോഗ്യപരമായിട്ടുള്ള ഭക്ഷണശീലം എന്നിവയെക്കുറിച്ച് ബോധവാൻമാരാക്കുക.
- ലഹരിവിരുദ്ധ ക്ലബ്ബിന്റെ അടിസ്ഥാനത്തിൽ ബോധവൽക്കരണ ക്ലാസ്സ്, റാലി സംഘടിപ്പിക്കുക.
- ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.
- സ്കൂൾ പരിസരത്തു പൂന്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ട നിർമ്മാണ നടത്തുക.
- ശാസ്ത്ര വിദഗ്ദ്ധരെകൊണ്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- നമ്മുടെ നാട്ടിൽ ലഭ്യമായ ഔഷധനിർമ്മാണ സസ്യങ്ങളുപയോഗിച്ച് ഔഷധ സസ്യത്തോട്ട നിർമ്മാണം, സസ്യങ്ങളുടെ പേര്, ഉപയോഗം എന്നിവ എഴുതി പ്രദർശിപ്പിക്കൽ
- ജൈവ പാർക്ക് നിർമ്മിക്കൽ
- സയൻസ് ക്വിസ് സംഘടിപ്പിക്കുക.
- സയൻസ് ലാബുകളിൽ കുട്ടികളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കുക.

# Govt. Jawahar High School, Ayoor
# Academic Master Plan - Mathematics (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ രണ്ടാം വാരം | അദ്ധ്യാപിക | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതിപ്പെട്ടി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | തുടർ പ്രവർത്തനം | അദ്ധ്യാപിക | |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ചു ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | പരിസര നിരീക്ഷണം, ചുറ്റുപാടും കാണുന്ന വസ്തുക്കളിൽ നിന്നും ഗണിതവുമായി ബന്ധപ്പെട്ട ഉദാഹരണം കണ്ടെത്തുന്നു. | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപിക | |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>ഗണിത രൂപങ്ങൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അദ്ധ്യാപിക, ഗണിത ക്ലബ് | |
| 5. അദ്ധ്യാപിക കാലാനുസൃതമായി ചെയ്തു ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നീ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർ പ്രവർത്തനം | വിഷയസമിതി, കൺവീനർ | |
| 6. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം, ചർച്ചകൾ, സംവാദങ്ങൾ | തുടർ പ്രവർത്തനം | അദ്ധ്യാപിക സംഘതലവൻ | |
| 7. ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ഗണിതഗ്രാമം കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അദ്ധ്യാപകരും ചേർന്നുള്ള കൂട്ടായ പ്രവർത്തനങ്ങൾ | ശനിയാഴ്ചകളിൽ | ഗണിത അദ്ധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8. ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്കു പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | അദ്ധ്യാപിക ലാബ് സെക്രട്ടറി പി.ടി.എ | |
| 9. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉകരണങ്ങൾ ശേഖരിക്കൽ | ജൂൺ - ജൂലൈ | അദ്ധ്യാപിക, ക്ലബ് സെക്രട്ടറി പി.ടി.എ. | |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | പി.ടി.എ. നടത്തുന്ന ചുമതലകൾ നൽകുന്നു. | രണ്ട് മാസം കൂടുമ്പോൾ ഒന്ന് | എല്ലാ അദ്ധ്യാപകരും | |
| 11. ICT സാധ്യതകൾ ഉപയോഗിച്ചു ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു. | ജിയോജിബ്ര, പ്രൊജെക്ടറുകൾ എന്നിവയുടെ സഹായത്തോടെയുള്ള പഠനം | അക്കാദമിക വർഷം മുഴുവനും | അദ്ധ്യാപിക | |
| 12. സംഖ്യാബോധം വളർത്തൽ | അബാക്കസ് ഉപയോഗിച്ചുള്ള പ്രവർത്തനം | അക്കാദമിക വർഷം മുഴുവൻ | അദ്ധ്യാപിക, പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 13. ചതുഷ്ക്രിയകൾ ഹൃദിസ്ഥമാക്കൽ | കുട്ടികൾക്ക് പരിതിചമായ മുത്തുകൾ, മാലകൾ, പെട്ടികൾ എന്നിവയുടെ സഹായത്തോടെയും ഗണിതലാബ് ഉപകരണ സഹായത്തോടെയും ഉള്ള പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിന്റെ ഒന്നാമത്തെ ടേം | അദ്ധ്യാപിക | |
| 14. മനക്കണക്കിന്റെ സാദ്ധ്യത വർദ്ധിപ്പിക്കൽ | ഗണിത ക്ലബുകളിലും ഗണിത അസംബ്ലിയിലും ഗണിത ക്വിസുകൾ നടത്തുക. | മാസത്തിൽ ഒന്ന് | അദ്ധ്യാപിക കുട്ടികൾ | |
| 15 ഗണിത പഠനത്തിലുള്ള താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത പസിൽ, നമ്പർ ചാർട്ട്, ഗണിതവുമായി ബന്ധപ്പെട്ട ഗയിമുകൾ തുടങ്ങിയവ ചെയ്യിപ്പിക്കുന്നു. | മാസത്തിൽ ഒന്ന് | അദ്ധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 16. ഗണിത പഠനത്തോടുള്ള ഭയം മാറൽ | ഗണിതവുമായി ബന്ധപ്പെട്ട സെമിനാൽ, കൗൺസലിംഗ് എന്നിവ സംഘടിപ്പിക്കുന്നു. | മാസത്തിൽ ഒന്ന് | അദ്ധ്യാപിക | |
| 17 ഗണിത ശാസ്ത്രജ്ഞരെ കുറിച്ചുള്ള അറിവ് നൽകൽ | ഗണിതശാസ്ത്രജ്ഞരുടെ ജീവി ചരിത്രക്കുറിപ്പ്, ചിത്രങ്ങൾ, സംഭാവനകൾ എന്നിവ അസംബ്ലിയിൽ പ്രദർശിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപിക കുട്ടികൾ | |

## മേളകൾ

2025 – 26 വർഷത്തെ മേളകൾക്ക് വേണ്ടി കുട്ടികളെ പ്രാപ്തരാക്കാൻ ജൂൺ മാസം മുതൽ വിവിധ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകാനായി തീരുമാനിച്ചു. സ്കൂൾതല ശാസ്ത്രമേളകൾ സംഘടിപ്പിച്ച് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളെ സബ്ജില്ലാതല മത്സരങ്ങൾക്ക് പങ്കെടുപ്പിക്കാമെന്ന് തീരുമാനിച്ചു. സ്കൂൾതല ശാസ്ത്രമേളകൾ സെപ്റ്റംബർ രണ്ടാം ആഴ്ചയോടെ സംഘടിപ്പിക്കണമെന്നും അതിന് വേണ്ട നിർദ്ദേശങ്ങൾ കുട്ടികൾക്ക് ആദ്യം മുതൽ നൽകണമെന്നും തീരുമാനിച്ചു. ശാസ്ത്രമേളകളുടെ ചുമതല ശാസ്ത്രരംഗം - സ്കൂൾ കോ-ഓർഡിനേറ്റർ ഹണി ടീച്ചറിനെ ഏൽപ്പിച്ചു.

## YIP ശാസ്ത്രപഥം

ജൂൺ ആദ്യവാരത്തോടെ ഒരു പി.റ്റി.എ. കൂടി രക്ഷിതാക്കൾക്ക് YIP യെപറ്റി ഒരു ധാരണ ഉണ്ടാക്കികൊടുക്കുകയും, ഈ വർഷം പരമാവധി കുട്ടികളെക്കൊണ്ട് രജിസ്റ്റർ ചെയ്യിപ്പിക്കാനും, ആശയങ്ങൾ സബ്മിറ്റ് ചെയ്യിക്കുവാനും തീരുമാനിച്ചു.

## സ്പോർട്സ്

കുട്ടികളുടെ കഴിവുകൾ മനസ്സിലാക്കി ഓട്ടം, ചാട്ടം, ലോഗ്ജമ്പ്, ഫുട്ബോൾ എന്നിവയ്ക്ക് കുട്ടികളെ സജ്ജരാക്കുവാനും സ്കൂൾതല മത്സരങ്ങൽ നടത്തി വിജയികളാകുന്ന കുട്ടികളെ സബ്ജില്ലാ മത്സരങ്ങൾക്ക് പങ്കെടുപ്പിക്കാനും തീരുമാനിച്ചു. അതിനുള്ള ചുമതല രാകേഷ് സാറിനെ ഏൽപ്പിക്കാനും തീരുമാനിച്ചു.

## സ്കൂൾ കലോൽസവം

കുട്ടികളുടെ താത്പര്യവും അഭിരുചിയും പരിഗണിച്ച് വർഷാരംഭം മുതൽ വിവിധ മത്സരയിനങ്ങൾക്ക് കുട്ടികളെ പരിശീലിപ്പിക്കാനും വേണ്ട പ്രോത്സാഹനങ്ങൾ നൽകുവാനും തീരുമാനിച്ചു. സ്കൂൾതല കലോൽസവം സംഘടിപ്പിച്ച് വിജയികളെ സബ്ജില്ലാതല മത്സരങ്ങൾക്ക് പങ്കെടുപ്പിക്കാനും തീരുമാനിച്ചു. ചുമതല രേഖ ടീച്ചർ, ആൻസി ടീച്ചർ ഇവരെ ഏൽപ്പിക്കുവാനും തീരുമാനിച്ചു.

## സമഗ്രഗുണമേന്മാ പദ്ധതി

സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി രാവിലെ 9 മുതൽ 9.45 വരെയും ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരേയും പ്രത്യേകം ക്ലാസ്സുകൾ നൽകുവാൻ തീരുമാനിച്ചു.